## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2136 — 06.02.2019 ൽ മറുപടിക്ക്

# മലപ്പുറം നിയോജകമണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളിലെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | മലപ്പുറം നിയോജകമണ്ഡലത്തിലെ പൂക്കോട്ടൂർ ബ്ലോക്ക് പി.എച്ച്.സി., താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ആയുർവേദ,ഹോമിയോ ഡിസ്പെൻസറികൾ എന്നിവിടങ്ങളിലെ വിവിധ തസ്തികകളിലെ ഒഴിവുകളുടെ വിശദാംശം നൽകുമോ; | (എ),<br>(ബി),<br>(സി)<br>&<br>(ഡി) | പൂക്കോട്ടൂർ ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു ഒഴിവ് നിലവിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ സ.ഉ.(സാധാ).നം.1043/2017/ആ.കു.വ. തീയതി 10.04.2017 പ്രകാരം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ ആദ്യ ഘട്ടമെന്ന നിലയിൽ സ.ഉ.(കൈ).നം.136/2017/ആ.കു.വ. തീയതി 23.09.2017 പ്രകാരം ഒരു ഡെന്റൽ മെക്കാനിക്കിന്റെ തസ്തിക അനുവദിച്ച നൽകിയിട്ടുണ്ട്. നിലവിൽ മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഒഴിവുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>സൂപ്രണ്ട് - 1<br>ലാബ് ടെക്നീഷ്യൻ ഗ്രേഡ് I – 1<br>ക്ലർക്ക് ടൈപ്പിസ്റ്റ് - 1<br>റേഡിയോഗ്രാഫർ - 1<br>ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - 9<br>സ്റ്റാഫ് നേഴ്സ് ഗ്രേഡ് II.- 2<br>പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ഒഴിവുകളിൽ ദിവസക്കൂലി അടിസ്ഥാനത്തിലും എൻ.ആർ.എച്ച്.എം.മുഖേനയും ജീവനക്കാരെ നിയമിച്ച് ആശുപത്രി പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനാൽ രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നസാഹചര്യം ഉണ്ടാകുന്നില്ല.<br>ഗവൺമെന്റ് ആയുർവേദ ആശുപത്രി മലപ്പുറം, ഗവൺമെന്റ് ആയുർവേദ ആശുപത്രി ആനക്കയം, ഗവൺമെന്റ് ആയുർവേദ ആശുപത്രി വള്ളുവമ്പ്രം, ഗവൺമെന്റ് ആയുർവേദ ആശുപത്രി പുൽപ്പറ്റ എന്നീ സ്ഥാപനങ്ങൾ മലപ്പുറം മണ്ഡലത്തിൽ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിൽ ഒരു തസ്തികകളിലും ഒഴിവ് നിലവിലില്ല. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇവിടങ്ങളിൽ അധിക തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.<br>മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ പഞ്ചായത്തിൽ സർക്കാർ തലത്തിൽ ഹോമിയോ ആശുപത്രി/ഡിസ്പെൻസറികൾ നിലവിലില്ല. എന്നാൽ ഇവിടെ ഒരു എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി പ്രവർത്തിച്ചു വരുന്നു. ഇവിടെ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. |
| (ബി) | ടി ആശുപത്രികളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ രോഗികൾ പ്രയാസപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവില്ലാത്ത തസ്തികകളിലെ ഒഴിവുകളിൽ താൽക്കാലിക നിയമനങ്ങൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽ സൂചിപ്പിച്ച ആരോഗ്യകേന്ദ്രങ്ങളിൽ സൃഷ്ടിച്ച തസ്തികകളുടെ എണ്ണം വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ